# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.7625

15.07.2014-ൽ മറുപടിയ്ക്ക്

### പി.എസ്.സി.യുടെ പുതിയ വെബ്സൈറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ.സെൽവരാജ് :<br>" പി.എ.മാധവൻ:<br>" ഹൈബി ഈഡൻ:<br>" സി.പി.മുഹമ്മദ്: | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | പി.എസ്.സി.യുടെ പുതിയ വെബ് സൈറ്റിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. പി.എസ്.സി.യുടെ പുതിയ ഔദ്യോഗിക വെബ് സൈറ്റ് (www.keralapsc.gov.in) 04.02.2013 മുതൽ പ്രവർത്തനം ആരംഭിച്ചു. |
| ബി) | പ്രസ്തുത വെബ് സൈറ്റിന്റെ പ്രവർത്തനം പൂർണ്ണമായി തുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | ബി) | ഉണ്ട്. പി.എസ്.സി.യുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പൊതുസമൂഹത്തെ അറിയിക്കേണ്ട എല്ലാ വിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാക്കുന്നുണ്ട്. കൂടാതെ ദിനംതോറും നടത്തുന്ന അപ് ഡേഷൻ പ്രക്രിയയിലൂടെ ഉദ്യോഗാർത്ഥികൾക്ക് വിവരങ്ങൾ കാലതാമസം ഇല്ലാതെ ലഭിക്കുന്നു. |
| സി) | പുതിയ വെബ്സൈറ്റിന്റെ പ്രവർത്തനം പൂർണ്ണമാകുന്നതു വരെ പഴയ സൈറ്റിന്റെ പ്രവർത്തനം തുടരുമോ; വിശദമാക്കുമോ; | (സി) | ഇല്ല. 03.09.2003..ൽ പ്രവർത്തനം ആരംഭിച്ച പഴയ വെബ്സൈറ്റിന്റെ കാലാവധി 31.01.2014..ൽ അവസാനിപ്പിച്ചു. |

. . . . .2)

| | |
|---|---|
| ഡി) പുതിയ വെബ്സൈറ്റിനെ സംബന്ധിച്ചുള്ള അവബോധം ഉദ്യോഗാർത്ഥികൾക്കിടയിൽ സൃഷ്ടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | (ഡി) 04.02.2013..ൽ നടന്ന പുതിയ വെബ് സൈറ്റിന്റെ ഉത്ഘാടനം സംബന്ധിച്ച് വിവിധ ദൃശ്യ ശ്രവ്യ മുദ്രണ മാധ്യമങ്ങളിൽ വലിയ പ്രചാരം നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ